വാട്ടർ ചാർജിൽ വരുത്തിയ വർദ്ധനവ്

43 (193) ശ്രീ. പി. ജെ. ജോയി :

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നപ്പോൾ വാട്ടർ ചാർജ് എത്രയായിരുന്നു ;

(ബി) ഇതിനുശേഷം വാട്ടർ ചാർജിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ ഓരോ പ്രാവശ്യവും വർദ്ധിപ്പിച്ച ചാർജ് എത്രവീതം ആയിരുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുബന്ധം 1 ആയി കൊടുത്തിരിക്കുന്നു.†

(ബി) ഉണ്ട്. 1-4-1999-ൽ ഒരു പ്രാവശ്യം വർദ്ധിപ്പിച്ചു.

(സി) 1-4-1999-ൽ വർദ്ധിപ്പിച്ച നിരക്കുകൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.†

വാട്ടർ അതോറിറ്റിയിൽ ഒഴിവുള്ള അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികൾ

44 (194) ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ എത്ര സെക്ഷനുകൾ ഉണ്ട് ; ഇതിൽ മേജർ സെക്ഷനുകൾ എത്ര ; എല്ലാ സെക്ഷനുകളിലും കൂടി എത്ര അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക ഉണ്ട് ; അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ എത്ര തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ട് ; പ്രസ്തുത ഒഴിവുകൾ നികത്താൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ഒഴിവുകൾ എവിടെയൊക്കെയാണ് എന്ന് വ്യക്തമാക്കാമോ ;

(സി) വാട്ടർ അതോറിറ്റി മെയിന്റനൻസിനായി സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വാട്ടർ അതോറിറ്റിയുടെ കീഴിൽ 282 സെക്ഷനുകൾ ഉണ്ട്. ഇവയിൽ എല്ലാംകൂടി 394 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ തസ്തികകൾ ഉണ്ട്. അവയിൽ നിലവിൽ 130 ഒഴിവുകൾ ഉള്ളത് പി.എസ്.സി.യെ അറിയിച്ചിട്ടുള്ളതും പി.എസ്.സി. യുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതുമാകുന്നു. ഈ സെക്ഷൻ ആഫീസുകളെ മേജർ-മൈനർ എന്ന് തരംതിരിച്ചിട്ടില്ല.

† അനുബന്ധം - VI,VI(a)

LIBRARY ARCHIVES Kerala Legislative Assembly

(ബി) അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ വാട്ടർ അതോറിറ്റിയുടെ വിവിധ സെക്ഷനാഫീസിലും, സർക്കിൾ ആഫീസിലും ചീഫ് എഞ്ചിനീയർമാരുടെ ആഫീസിലും ജലഭവനിലുമാണുള്ളത്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ഒഴിവുകൾ ഒന്നുംതന്നെ ഇപ്പോൾ നിലവിലില്ല.

(സി) മെയിന്റനൻസ് പണികളും പദ്ധതികൾ നടപ്പിലാക്കുവാൻ ചുമതലപ്പെട്ട ആഫീസുകൾ ആണ് നിർവഹിക്കുന്നത്. മെയിന്റനൻസ് പണികൾ ദർഘാസ് മുഖേനയും ക്വട്ടേഷൻ മുഖേനയും നടത്തുന്നു. പൈപ്പ് ലൈനുകളിലുണ്ടാകുന്ന ചോർച്ചകൾ ശരിയാക്കിയെടുക്കുവാനായി ഒരു വർഷത്തേയ്ക്ക് റണ്ണിംഗ് കോൺട്രാക്ട് ദർഘാസ് മുഖേന ഏർപ്പെടുത്തിയും നടപ്പിലാക്കുന്നു. കൂടാതെ അവിചാരിതമായി വലിയ വ്യാസമുള്ള പൈപ്പുകളിലുണ്ടാകുന്ന ചോർച്ച മാറ്റുന്നതിന് പരിചയസമ്പന്നരായ കോൺട്രാക്ടറെ ഏൽപിച്ച് പണികൾ സമയ ബന്ധിതമായി പൂർത്തിയാക്കുകയാണ് പതിവ്.

ആളോഹരി കുടിവെള്ള ലഭ്യത

45 (195) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആളോഹരി കുടിവെള്ള ലഭ്യത എത്രയാണ് ;

(ബി) ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ഇതെത്രയാണെന്നറിവ് ഉണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ;

(സി) ആളോഹരി കുടിവെള്ള ലഭ്യത വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടിയെടുക്കാനുദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ആളോഹരി കുടിവെള്ള ലഭ്യത എത്രയാണെന്ന് കണക്കാക്കിയിട്ടില്ല. എന്നാൽ ഗ്രാമീണ ജനങ്ങൾക്ക് ആളോഹരി 40 ലിറ്റർ ശുദ്ധജലവും നഗരവാസികൾക്ക് 70 ലിറ്റർ ശുദ്ധജലവും ലഭിക്കത്തക്ക വിധത്തിലാണ് ശുദ്ധജലവിതരണ പദ്ധതികൾ വിഭാവന ചെയ്തു ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നത്. മറ്റ് സംസ്ഥാനങ്ങളിലെ ആളോഹരി കുടിവെള്ള ലഭ്യതയുടെ കണക്കുകൾ ലഭ്യമല്ല.

(സി) "രണ്ടായിരമാണ്ടോടെ എല്ലാവർക്കും കുടിവെള്ളം" എന്ന ഒരു പദ്ധതി അംഗീകരിച്ചു നടപ്പിലാക്കി വരുന്നു. ഇത് കേരള വാട്ടർ അതോറിറ്റി, ഭൂജലവകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ സംയുക്തമായാണ് നടപ്പിലാക്കി വരുന്നത്. ഇതനുസരിച്ച് ജല അതോറിറ്റി മൂന്നു വർഷത്തിനകം (2001 മാർച്ചോടുകൂടി) 128 പദ്ധതികൾ പൂർത്തിയാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിന് പുറമെ, ഇതുവരെ ശുദ്ധജലം എത്താത്ത എൻ.സി ഹാബിറ്റേഷനുകളിലും ഭാഗികമായി കുടിവെള്ള ലഭ്യതയുള്ള പി.സി. ഹാബിറ്റേഷനുകളിലും സെൻസസ് ടൗണുകളിലും ആളോഹരി കുടിവെള്ള ലഭ്യത ഉയർത്തുവാനായി 587.79 കോടി രൂപയുടെ പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കി വരുന്നു. ഇതിന്റെ പണികൾ പുരോഗമിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly